# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 164 — 12.02.2013 ൽ മറുപടിക്ക്

## ആധാർ കാർഡ് അടിസ്ഥാനരേഖയാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീമതി കെ. എസ്. സലീഖ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

(എ) സ്കോളർഷിപ്പുകളും ക്ഷേമപെൻഷനുമടക്കം സർക്കാർ ആനുകൂല്യങ്ങൾക്ക് ആധാർ നമ്പർ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(എ) കേന്ദ്ര സർക്കാർ നൽകിവരുന്ന ചില ആനുകൂല്യങ്ങൾ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ടിലൂടെ പണമായി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുവാനാണ് Direct Benefit Transfer എന്ന പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതെങ്കിലും ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഇതുവരെയും ആധാർ നമ്പർ നിർബന്ധമാക്കിയിട്ടില്ല.

(ബി) ആധാർ കാർഡ് അടിസ്ഥാന രേഖയാക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ പാവപ്പെട്ടവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ചിട്ടുണ്ടോ ;

(ബി) എല്ലാ വിഭാഗം ജനങ്ങൾക്കും പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ,പാവപ്പെട്ടവർക്കും, സർക്കാർ ഗുണഫലങ്ങൾ നേരിട്ട് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുവാൻ ആധാർ കാർഡ് സഹായകമാകും. എന്നതിനാൽ ആധാർ ഒരു ജനവിഭാഗത്തിനും ബുദ്ധിമുട്ടുണ്ടാകുകയില്ല.

(സി) ആധാർ കാർഡ് സംബന്ധിച്ച കാര്യങ്ങൾ പാർലമെന്റ് നിയമമാക്കിയതായി അറിവുണ്ടോ; വിശദമാക്കുമോ?

(സി) ഇല്ല.

സെക്ഷൻ ഓഫീസർ